പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1117** **15-10-2026-ൽ മറുപടിയ്ക്ക്**

**<u>മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എ. കെ. എം. അഷ്‌റഫ് ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ പുതിയ പാലങ്ങൾ നിർമിക്കുന്നതിനായി പൊതുജനങ്ങൾ, ജനപ്രതിനിധികൾ എന്നിവരിൽ നിന്നും ലഭിച്ച നിവേദനങ്ങളും അപേക്ഷകളും മുൻനിർത്തി വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ പുതിയ പാലങ്ങൾ നിർമിക്കുന്നതിനായി പൊതുജനങ്ങൾ, ജനപ്രതിനിധികൾ എന്നിവരിൽ നിന്നും ലഭിച്ച നിവേദനങ്ങളും, അപേക്ഷകളും മുൻനിർത്തി പൊതുമരാമത്തുവകുപ്പ് പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിന് കീഴിൽ Bandimarr Kurudapadavu പാലം നിർമ്മിക്കുന്നതിനായുള്ള ഇൻവെസ്റ്റിഗേഷൻ പൂർത്തിയായിട്ടുണ്ട് . ആയത് പ്രകാരം തയാറാക്കിയ പ്രാഥമിക ഡിസൈന്റെ ഫീസിബിലിറ്റി നിലവിൽ പരിശോധിച്ചു വരുന്നു.

**(ബി)** മണ്ഡലത്തിൽ പുതിയ പാലങ്ങൾ നിർമ്മിക്കുന്നതിനായി സൈറ്റ് സർവ്വേ പൂർത്തിയാക്കിയിട്ടുള്ളതും നിലവിൽ സർവ്വേ നടന്നുവരുന്നതുമായ പാലങ്ങൾ ഏതൊക്കെയാണെന്ന് അവയുടെ പേര് വിവരം സഹിതം വേർതിരിച്ച് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** സൈറ്റ് സർവ്വേ പൂർത്തിയാക്കിയിട്ടുള്ള പാലങ്ങൾ ചുവടെ പറയുന്നു.

- Construction of Boddodi bridge in Majeerpalla - Boddodi - Koottathaje road in Manjeswar LAC
- Construction of bridge at Manjotti across Shiriya river in Maniyampara – Manjotti Dharmathadka road.
- Thodayar Bridge
- Bandimaar Kurudapadavu

നിലവിൽ സർവ്വേ നടന്നു വരുന്ന പാലങ്ങൾ ഒന്നും തന്നെ മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ ഇല്ല.

**(സി)** പുതിയ പാലങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് പ്രാഥമിക പരിശോധന പൂർത്തീകരിച്ച പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** **പൊതുമരാമത്തുവകുപ്പ് പാലങ്ങൾ വിഭാഗത്തിന് കീഴിൽ**

- Construction of Boddodi bridge in Majeerpalla - Boddodi - Koottathaje road in Manjeswar LAC

- Construction of bridge at Manjotti across Shiriya river in Maniyampara – Manjotti – Dharmathadka road.
- Thodayar Bridge

**ആർ.ബി.ഡി.സി.കെ – യ്ക്ക് കീഴിൽ**

- മഞ്ചേശ്വരം റെയിൽവേ മേൽപ്പാലം
- ഹൊസങ്കടി റെയിൽവേ മേൽപ്പാലം

**(ഡി)** ഇൻവെസ്റ്റിഗേഷൻ പൂർത്തിയായി ഡിസൈനിംഗ് ഘട്ടത്തിലുള്ളതും ഡിസൈൻ പൂർണ്ണമായി അംഗീകരിക്കപ്പെട്ടിട്ടുള്ളതുമായ പാലങ്ങളുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

**<u>മറുപടി:</u>** അനുബന്ധമായി നൽകുന്നു.

**(ഇ)** മംഗൽപ്പാടി – മീഞ്ച പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന പട്ടത്തൂർ പാലം, പുത്തിഗെ പഞ്ചായത്തിലെ തുടയാർ പാലം എന്നിവയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ച ഇൻവെസ്റ്റിഗേഷൻ, ഡിസൈനിംഗ്, സർവ്വേ നടപടികളുടെ നിലവിലെ ഘട്ടം ഏതാണെന്നും, ഇവയ്ക്കായി ഭരണാനുമതി ലഭിക്കുന്നതിനും ഫണ്ട് ലഭ്യമാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്നും വിശദമാക്കാമോ;

**<u>മറുപടി:</u>** **<u>പട്ടത്തൂർ പാലം</u>**

പട്ടത്തൂർ പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തിയായി. ആയത് പ്രകാരമുള്ള ഡിസൈൻ ലഭ്യമായിട്ടുണ്ട്. പാലം നിർമ്മാണത്തിനായുള്ള സ്ഥലം ലഭ്യമല്ലാത്തതിനാൽ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

**<u>തോടയാർ പാലം</u>**

2026-27 പുതുക്കിയ ബജറ്റിൽ ടോക്കൺ പ്രൊവിഷൻ നൽകിയിട്ടുള്ളത് പ്രകാരം പാലം നിർമ്മാണത്തിനായി ₹10.54 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

**(എഫ്)** പാലം നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് നിലവിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** മഞ്ചേശ്വരം റെയിൽവേ മേൽപ്പാലം നിർമ്മാണത്തിന് ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് റെയിൽവേ അംഗീകരിച്ച GAD പ്രകാരം അതിർത്തിക്കല്ലുകൾ സ്ഥാപിച്ച് LA KIIFB തഹൽസീദാരുമായി സംയുക്ത പരിശോധന നടത്തിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടികളുടെ ഭാഗമായി സാമൂഹികാഘാത പഠനം നടത്തുന്നതിന് എം പാനൽ ചെയ്ത ഏജൻസിയെ ജില്ലാ കളക്ടർ ചുമതലപ്പെടുത്തിയിട്ടുണ്ട്. മറ്റു പാലങ്ങൾ നിർമ്മാണങ്ങൾക്ക് ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് നിലവിൽ നടപടികൾ സ്വീകരിച്ചിട്ടില്ല.

**സെക്ഷൻ ഓഫീസർ**

# **അനുബന്ധം**

| **ക്രമ നം.** | **പാലത്തിന്റെ പേര്** | **നിലവിലെ സ്ഥിതി** |
|---|---|---|
| 1 | Construction of Boddodi bridge in Majeerpalla – Boddodi – Koottathaje road in Manjeswar LAC | ഇൻവെസ്റ്റിഗേഷൻ പൂർത്തിയായി ഡിസൈനിംഗ് ഘട്ടത്തിലാണ്. |
| 2 | Construction of bridge at Manjotti across Shiriya river in Maniyampara – Manjotti – Dharmathadka road. | ഇൻവെസ്റ്റിഗേഷൻ പൂർത്തിയായി ഡിസൈനിംഗ് ഘട്ടത്തിലാണ്. |
| 3 | Thodayar Bridge | ഡിസൈൻ പൂർണ്ണമായി അംഗീകരിച്ചിട്ടുണ്ട്. |
| 4 | Bandimaar Kurudapadavu | ഇൻവെസ്റ്റിഗേഷൻ പൂർത്തിയായിട്ടുണ്ട്. ആയത് പ്രകാരം തയാറാക്കിയ പ്രാഥമിക ഡിസൈന്റെ ഫീസിബിലിറ്റി നിലവിൽ പരിശോധിച്ചു വരുന്നു. |